**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1441** **14-03-2022 - ൽ മറുപടിയ്ക്ക്**

**ചെങ്ങറ പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചെങ്ങറ പാക്കേജിൽ ഓരോ ജില്ലയിലും എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചതെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | 02/01/2010ലെ ജി.ഒ(എം.എസ്) 02/2010/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്തവരിൽ അർഹരായ 1495 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കണ്ടെത്തിയ 831 ഏക്കർ ഭൂമിയിൽ നിന്നും പ്ലോട്ടുകൾ തിരിച്ച് നൽകിയിരുന്നു. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ കൊടുക്കുന്നു. ക്രമ നം. ജില്ല ആകെ അനുവദിച്ച പ്ലോട്ടുകൾ 1 തിരുവനന്തപുരം 225 2 കൊല്ലം 20 3 ഇടുക്കി 657 4 എറണാകുളം 30 5 പാലക്കാട് 55 6 വയനാട് 30 7 മലപ്പുറം 18 8 കണ്ണൂർ 100 9 കാസർഗോഡ് 360 ആകെ 1495 |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഏതെല്ലാം പുനരധിവാസ കേന്ദ്രങ്ങളിലായി എത്ര കുടുംബങ്ങൾക്ക് വീതമാണ് പട്ടയം നൽകിയതെന്ന് അറിയിക്കുമോ; | (ബി) | 1495 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിരുന്നതിൽ 912 പേർ മാത്രമാണ് പട്ടയം കൈപ്പറ്റിയിട്ടുള്ളത്. ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ കൊടുക്കുന്നു. ക്രമ നം. ജില്ല പട്ടയം കൈപ്പറ്റിയവരുടെ എണ്ണം മറ്റ് വിവരങ്ങൾ 1 തിരുവനന്തപുരം 48 വർക്കല, നെയ്യാറ്റിൻകര താലൂക്കുകളിലാണ് ഭൂമി അനുവദിച്ചിട്ടുള്ളത്. 2 കൊല്ലം 18 പുനലൂർ താലൂക്കിലെ തിങ്കൾക്കരിക്കകം വില്ലേജിലാണ് ഭൂമി അനുവദിച്ചിട്ടുള്ളത്. 3 പത്തനംതിട്ട 4 തിരുവനന്തപുരം ജില്ലയിലെ ലിസ്റ്റിൽ ഉൾപ്പെട്ട 4 പേർക്ക് അടൂർ താലൂക്ക് ഏനാദിമംഗലം വില്ലേജിൽ ഭൂമി അനുവദിച്ചു. 4 ഇടുക്കി 591 ദേവികുളം താലൂക്കിലെ കീഴാന്തൂർ വില്ലേജിലാണ് ഭൂമി അനുവദിച്ചിരുന്നത്. 5 എറണാകുളം 28 മൂവാറ്റുപുഴ വില്ലേജിലാണ് ഭൂമി അനുവദിച്ചിട്ടുള്ളത്. 6 പാലക്കാട് 21 മണ്ണാർക്കാട് താലൂക്കിലെ കോട്ടത്തറ വില്ലേജിലാണ് ഭൂമി അനുവദിച്ചിട്ടുള്ളത് 7 വയനാട് 16 വൈത്തിരി താലൂക്കിലെ കോട്ടത്തറ വില്ലേജിലാണ് ഭൂമി അനുവദിച്ചിട്ടുള്ളത് 8 മലപ്പുറം 14 തിരൂർ - പെരിന്തൽമണ്ണ താലൂക്കുകളിലായാണ് ഭൂമി അനുവദിച്ചിരുന്നത് 9 കണ്ണൂർ 73 പയ്യന്നൂർ, |

| | | | |
|---|---|---|---|
| | | | തളിപ്പറമ്പ് താലൂക്കുകളിലായാണ് ഭൂമി അനുവദിച്ചിരുന്നത് 10 കാസർഗോഡ് 99 ഹോസ്ദുർഗ്ഗ് താലൂക്കിലെ പെരിയ വില്ലേജിലാണ് ഭൂമി അനുവദിച്ചിരുന്നത് ആകെ 912 |
| (സി) | പ്രസ്തുത പുനരധിവാസ കേന്ദ്രങ്ങളിൽ ഓരോന്നിലും നിലവിൽ എത്ര കുടുംബങ്ങൾ വീതം താമസമുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | പുനരധിവാസത്തിനായി അനുവദിച്ച ഭൂമിയിൽ നിലവിൽ 180 കുടുംബങ്ങൾ താമസിച്ചു വരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ക്രമ നം. ജില്ല നിലവിൽ താമസമുള്ളവരുടെ എണ്ണം 1 തിരുവനന്തപുരം 48 2 കൊല്ലം 18 3 പത്തനംതിട്ട 04 4 ഇടുക്കി 01 5 എറണാകുളം 21 6 പാലക്കാട് 0 7 വയനാട് 0 8 മലപ്പുറം 09 9 കണ്ണൂർ 17 10 കാസർഗോഡ് 62 ആകെ 180 |
| (ഡി) | ചെങ്ങറ പാക്കേജ് നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഡി) | പതിവിന് അനുയോജ്യമായ ഭൂമിയുടെ അപര്യാപ്തതമൂലം ചെങ്ങറ പാക്കേജ് പൂർണ്ണമായി നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. പട്ടയം കൈപറ്റിയവരിൽ പലരും അനുവദിച്ച ഭൂമി വാസയോഗ്യമോ കൃഷിയോഗ്യമോ അല്ലായെന്ന് പരാതിപ്പെടുകയും അനുവദിച്ച ഭൂമിയിൽ താമസിക്കാതെ തിരികെ ചെങ്ങറ സമരഭൂമിയലേക്കും ബന്ധുവീടുകളിലേക്കും മടങ്ങുകയും പകരം വാസയോഗ്യമായ ഭൂമി അനുവദിക്കണമെന്ന് അപേക്ഷിച്ച് വരുന്നതുമായ സാഹചര്യത്തിൽ ചെങ്ങറ പാക്കേജ് പ്രകാരം ഭൂമി ലഭിച്ചവരുടെയും, ഇനി ഭൂമി ലഭിക്കേണ്ടവരുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിലേക്കായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29/07/2021ന് ചേർന്ന യോഗ തീരുമാനപ്രകാരം പതിവിന് അനുയോജ്യമായതും മിച്ചഭൂമിയി നത്തിലുള്ളതുമായ ഭൂമിയുടെ വിശദാംശങ്ങൾ ശേഖരിച്ചിരുന്നു. പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലായി 4.9077 ഹെക്ടർ കൃഷി യോഗ്യവും 4.439 ഹെക്ടർ വാസയോഗ്യവുമായി, ആകെ 9.3456ഹെക്ടർ ഭൂമി മാത്രമാണ് സംസ്ഥാനത്ത് മിച്ചഭൂമിയിനത്തിൽ ലഭ്യമായിട്ടുള്ളത്. ടി സാഹചര്യത്തിൽ ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 11/02/2022 ൽ ചേർന്ന അവലോകന യോഗത്തിൽ വാസയോഗ്യമായ പകരം ഭൂമി കണ്ടെത്തുന്നതിലേക്കായി നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചു. കൂടാതെ വനം വകുപ്പ് അവകാശം ഉന്നയിച്ചിട്ടുള്ളതും എന്നാൽ കൃഷിക്കും വാസത്തിനും യോഗ്യമായിട്ടുള്ളതുമായ ഭൂമി ഉണ്ടെങ്കിൽ നിയമ പ്രകാരം പരിഹാര വനവൽക്കരണത്തിനു വേണ്ടി പകരം റവന്യൂ ഭൂമി നൽകിയ ശേഷം ഏറ്റെടുത്ത് ചെങ്ങറ പാക്കേജിൽ ഉൾപ്പെട്ടവർക്ക് പതിച്ചു നൽകുന്നതിനുള്ള നടപടി |

| | | | | |
|---|---|---|---|---|
| | | | | റവന്യൂ വനം വകുപ്പുകൾ സ്വീകരിക്കുന്നതാണെന്ന് 02.01.2010 ലെ ജി.ഒ(എം.എസ്) നം.02/2010/ റവന്യൂ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ വില്ലേജിൽ സർവ്വെ നം.234/15 ൽപ്പെട്ടതും വനം വകുപ്പിന്റെ അധീനതയിലുള്ളതും വാസയോഗ്യവുമായ 87.1 ഏക്കറും 1980 ലെ വന സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരാത്തതും നെടുമങ്ങാട് താലൂക്കിൽ പാങ്ങോട് വില്ലേജിൽ സർവ്വെ നം 3865 ൽപ്പെട്ടതും "കുമിൾ റിസർവ്വിൽ" ഉൾപ്പെട്ടതുമായ 129.87 ഏക്കർ ഉൾപ്പെടെ (87.1 + 129.87) 216.97 ഏക്കർ ഭൂമിക്ക് പകരം ഇടുക്കി ജില്ലയിൽ കീഴാന്തൂർ വില്ലേജിൽ ചെങ്ങറ പുന:രധിവാസത്തിനായി അനുവദിച്ച 350 ഏക്കർ റവന്യൂ ഭൂമി വാസയോഗ്യമല്ലാത്തതിനാൽ ടി ഭൂമിയിൽ നിന്നും തുല്യമായ ഭൂമി പരിഹാരവന വൽക്കരണത്തിന് നൽകിക്കൊണ്ട് അർഹരായവർക്ക് പതിച്ച് നൽകുന്നതിലേക്കായി വനം വകുപ്പുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോടിയായി തിരുവനന്തപുരം ജില്ലയിലെ ഭൂമിയിൽ പരിശോധന നടത്തി വാസയോഗ്യമാണോയെന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ